"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365
ഫാക്സ് : 0471 2446480, ഇമെയിൽ : dpr@kseb.in
വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

എല്ലാവീട്ടിലും വൈദ്യുതി

**സംഗ്രഹം**

പബ്ളിക് റിലേഷൻസ് വകുപ്പ് - മഹാത്മാ ഗാന്ധിയുടെ 150-മത് ജന്മവാർഷികാഘോഷം - ഗാന്ധി ലോഗോ ഉൾപ്പെടുത്തുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോർഡ് ഉത്തരവ് (എഫ്.ടി.ഡി.) നം.60/2019 (പി.ആർ/എം.സി-2/2461/മഹാത്മാ ഗാന്ധി-ലോഗോ/2018-19) തിരുവനന്തപുരം, തീയതി 23/01/2019**

പരാമർശം - 1) ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ 05.01.2019 ലെ കുറിപ്പ്.
2) ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ നം. പി.ആർ.എം.സി-2/2461/മഹാത്മാ ഗാന്ധി-ലോഗോ/2018-19/07.01.2019 അജൻഡ 47/1/19.

**ഉത്തരവ്**

മഹാത്മാഗാന്ധിയുടെ 150-മത് ജന്മവാർഷികാഘോഷത്തോടനുബന്ധിച്ച് 2018 ഒക്ടോബർ 2 മുതൽ 2020 ഒക്ടോബർ 2 വരെ രണ്ട് വർഷക്കാലം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ ദേശീയ, അന്തർദേശീയ തലത്തിൽ ആചരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു.

ഇതിന്റെ ഭാഗമായി സർക്കാർ വെബ്സൈറ്റ്, ഇ-മെയിൽ, സർക്കാർ സ്റ്റേഷനറി, കലണ്ടർ, ഡയറി, സർക്കാർ പരസ്യങ്ങൾ, സർക്കാർ പ്രസിദ്ധീകരണങ്ങൾ, സർക്കാർ കത്തിടപാടുകൾ മറ്റ് സർക്കാർ മാധ്യമങ്ങൾ എന്നിവയിൽ ഗാന്ധി ലോഗോ ഉൾപ്പെടുത്തണമെന്ന് കേരള സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ മേൽ സൂചന കുറിപ്പ് മുഴുവൻ സമയ ഡയറക്ടർമാരുടെ 16.01.2019-ലെ യോഗത്തിൽ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം മഹാത്മാഗാന്ധിയുടെ 150-മത് ജന്മവാർഷികാഘോഷത്തോടനുബന്ധിച്ച് 2018 ഒക്ടോബർ 2 മുതൽ 2020 ഒക്ടോബർ 2 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിലെ എല്ലാ കത്തിടപാടുകളിലും, പ്രസിദ്ധീകരണങ്ങളിലും, പരസ്യങ്ങളിലും അംഗീകൃത ഗാന്ധി ലോഗോ ഉൾപ്പെടുത്തണമെന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ഗാന്ധി ലോഗോ http://gandhi.gov.in/download.html എന്ന URL-ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**ഫുൾ ടൈം ഡയറക്ടർമാരുടെ
ആജ്ഞാനുസരണം
ഒപ്പ്/-
കമ്പനി സെക്രട്ടറി (ഭരണം)**

സ്വീകർത്താവ് : ചീഫ് പബ്ളിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് : ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ഓഡിറ്റർ/ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ സെക്രട്ടറിയുടെ(ഭരണം) സി.എ/അക്കൗണ്ട്സ് വിഭാഗം(ബോർഡ് സെക്രട്ടറിയേറ്റ്)/ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(ഐ.റ്റി)/എ.ജി./ഫയൽ/കരുതൽ ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സീനിയർ സൂപ്രണ്ട്**